MAHBIL/2015/63218 | MNE/353/2015-17

# Kalyan Lantern

FEBRUARY 2016

Vol. 01 | Issue 08 | MUMBAI | 36 Pages | Price: ₹10/-



## He was bruised for my iniquities

# KALYAN EPARCHY YOUTH
# ENTHUZIA - 2016

1. **Key Band Prizes:**
   - Vasai Forane
   - Panvel Forane
   - Navi Mumbai Forane
2. **Best Promo Band:**
   - Thane Forane
3. **Key Movie:**
   - St. Alphonsa Church - Mankkud.
   - St. Sebastian Church – Amboli
   - Mother of Victory Forane Church – Tikujiniwadi
4. **Best Forane:**
   - Panvel Forane
   - Malad Forane
   - Kalyan Forane
5. **Up Coming Forane:**
   - Thane Forane














Prayerful wishes to

**Rev. Dr. Antony Kollannur**

on your 60th Birthday

**21st January**

**Bishop, Priests, Religious and Laity**
**DIOCESE OF KALYAN**

FEBRUARY 2016
MAHBIL/2015/63218 | MNE/353/2015-17

# Kalyan Lantern

Vol. 01 | Issue 08

YOUR WORD IS A LAMP TO MY FEET AND A LIGHT TO MY PATH

05 പ്രശ്നപ്രളയത്തിലെ സുരക്ഷാനൗക

07 പ്രവർത്തന നിരതമായ കാരുണ്യം

10 സുവിശേഷത്തിൽ ആനന്ദം

13 അങ്ങേയ്ക്ക് സ്തുതി

16 ദണ്ഡവിമോചനം

19 FASTING: A SOURCE OF ENERGY

EDITORIAL | KIDS CORNER | DIOCESAN NEWS
HOLY QURBANA | CHURCH NEWS | GODS OWN CHOICE

# സീക്കവൈറസ്

എഴുപതിലധികം വർഷങ്ങൾക്ക് മുമ്പ് ആഫ്രിക്കയിലെ കുരങ്ങുകളിൽ സിക്ക എന്ന രോഗാണു കണ്ടെത്തിയിരുന്നതായി പറയപ്പെടുന്നു. കൊതുകുകളിലൂടെയാണ് ഈ വൈറസ് പകരുന്നത്. സിക്ക വൈറസ് ബാധിച്ചവർക്ക് ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് തലച്ചോറും തലയും ചെറുതായിരിക്കും. അകാലത്തിൽ മരണമടയുകയും ചെയ്യും. നവംബർ 28 ന് മൈക്രോസെഫാലി (തലയോട്ടി ചുരുങ്ങിയ അവസ്ഥ) ബാധിച്ച കുട്ടിയിൽ സിക്കാ വൈറസിന്റെ സാന്നിധ്യം കണ്ടെത്തിയത്. ഇത്തരം രോഗാവസ്ഥ പിടിപ്പെട്ട ഏകദേശം 2400 ഓളം നവജാത ശിശുക്കളെയാണ് ബ്രസിലിൽ കണ്ടെത്തിയിരിക്കുന്നത്. ഉടനെ തന്നെ നടക്കാനിരിക്കുന്ന കാർണീവൽ സീസണും, ആഗസ്റ്റിൽ നടക്കുന്ന ഒളിംമ്പിക്സും രോഗം ലോകമെങ്ങും പരക്കാൻ ഇടയാക്കുമെന്ന് ശക്തമായ അഭ്യൂഹങ്ങളുണ്ട്. എന്തായാലും പുതുരോഗങ്ങൾ ജീവിതത്തിന് വെല്ലുവിളി ഉയർത്തിക്കൊണ്ടിരിക്കുന്നു.

അൽപം വ്യത്യസ്തമാണ് ഹൈദരാബാദിലെ സ്ഥിതി. അസഹിഷ്ണതാവാദം ശക്തിപ്പെട്ടുകൊണ്ടിരിക്കെ, ഹൈദരാബാദ് യൂണിവേഴ്സിറ്റിയിലെ രാഹുൽ എന്ന ഗവേഷക വിദ്യാർത്ഥി ജീവനൊടുക്കി. ദളിത് പീഡനം എന്ന ശക്തമായ ആരോപണം പിന്നെയും തുടർന്നു. കനത്ത പ്രക്ഷോഭത്തിൽ നിൽക്കുന്ന വിദ്യാർത്ഥികളെ പിൻതിരിപ്പിക്കാൻ ഇതുവരെ അനുനയ ശ്രമങ്ങൾക്കായില്ല. എങ്കിലും രാഹുൽ എന്ന വിദ്യാർത്ഥിയുടെ ആത്മാഹൂതി, ദളിത് വിദ്യാർത്ഥികളുടെ യഥാർത്ഥ പ്രശ്നങ്ങളിലേക്കും, അവർ അനുഭവിക്കുന്ന അവശതകളിലേയ്ക്കും, നിരാശകളിലേയ്ക്കും, വെല്ലുവിളികളി ലേയ്ക്കും ജനശ്രദ്ധ എത്തിച്ചിരുന്നെങ്കിൽ. സിക്ക വൈറസ് നവജാതശിശുക്കളുടെ തലച്ചോറിനെ ഇല്ലാതാക്കുന്നതുപോലെ അസഹിഷ്ണത ജനാധിപത്യത്തിന്റെ തിരിച്ചറിവുകളെ നശിപ്പിക്കുന്നു.

PATRON | Bishop Mar Thomas Elavanal
CHAIRMAN | Msgr. Emmanuel Kadankavil
CHIEF EDITOR | Fr. Sheen Chittatukara
ASSOCIATE EDITOR | Fr. Sinto Chalissery

EDITORIAL BOARD | Fr. Benny Thanninilkumthadathil | Fr. Liju Keetickal
Mrs. Rosily Thomas | Miss AnnRary Thekiniath
Mr. Biju Dominic | Dr. C.P. Johnson | Mr. Roy J. Kottaram
Mr. Babu Mathew | Mr. Joseph Chittilapilly

MARKETING MANAGERS | Fr. Lijo Mullonkal
Mr. Roy Philip
CIRCULATION MANAGER | Fr. Kiran Eluvathingal
DESIGN & PAGE LAYOUT | Mr. Josemon Vazhayil

KALYAN LANTERN | Diocese of Kalyan, Plot No. B/38, P.B. No. 8434, IIT P.O., Powai Mumbai, Maharashtra, India - 400076. Tel.(+91) (022) 2578 5515, 2578 2385
E-mail: kalyanbulletin@gmail.com • kalyanlantern@gmail.com | Website: www.dioceseofkalyan.org | Matrimonial website: www.godsownchoice.com



# പ്രശ്നപ്രളയത്തിലെ സുരക്ഷാനൗക

ദൈവം മനുഷ്യനു കല്പിച്ചരുളിയ ഏദൻ തോട്ട
ത്തിലെ പറുദീസാ സൗഭാഗ്യങ്ങളിലൊന്നായ
കുടുംബം രക്ഷാകരപദ്ധതിയിൽ ഏറെ പ്രാധാ
ന്യമർഹിക്കുന്നു. അമരത്വം, സ്വർഗ്ഗീയാനന്ദം
തുടങ്ങിയ പല ദൈവീകദാനങ്ങളും പാപം
മൂലം കൈമോശം വന്നുപോയപ്പോഴും, കുടും
ബമെന്ന ദൈവകൃപാസ്രോതസ്സിനെ കരുണാ
മയനായ ദൈവം നിലനിർത്തി. പാപത്തിനും
തിന്മയ്ക്കുമെതിരായ യുദ്ധത്തിൽ കുടുംബത്തി
നുള്ള സ്ഥാനത്തെ വിളിച്ചോതുന്ന വിശുദ്ധ
ഗ്രന്ഥത്തിലെ മറ്റൊരുദാഹരണമാണ് നോഹയു
ടെ പെട്ടകം. അപരാധാധികത്യം മാഹാപ്രളയം
രൂപമെടുത്ത് ഭൂമിയെ വിഴുങ്ങിയപ്പോൾ അവശേ
ഷിച്ച ജീവജാലങ്ങളെല്ലാം ജോഡികൾ മാത്രമാ
യിരുന്നെങ്കിൽ, നോഹയുടെ വിശ്വാസത്തിൽ
പങ്കുചേർന്ന മുഴുവൻ കുടുംബമാണ് പരിരക്ഷി
തമായത്. പാപാധിപത്യത്തിൽ നിന്ന് ലോക
ത്തെ രക്ഷിക്കുവാനവതരിച്ച മിശിഹാ, ആദ്യം
വിശുദ്ധീകരിച്ചതും പുനഃസ്ഥാപിച്ചതും കുടുംബ
മെന്ന ദൈവീക ക്രമീകരണത്തെയാണ്. രക്ഷാ
കരദൗത്യമെന്ന ദൈവഹിതം പൂർത്തിയാക്കുന്ന
തിന് യേശുവിനോടോപ്പം തിരുകുടുംബത്തിലെ
മറ്റംഗങ്ങളും തങ്ങളുടെ പങ്കു വഹിച്ചുകൊണ്ട്
ക്രൈസ്തവകുടുംബങ്ങളുടെ ജീവിതശൈലിക്ക്
അടിസ്ഥാനമിടുന്നു. രക്ഷാകരദൗത്യം തന്റെ
തിരുസഭയിലൂടെ തുടരുന്ന യേശു ഗാർഹിക
സഭകളിലാണ് അതിന്റെ പ്രാഥമിക ഉത്തരവാ
ദിത്തം നിക്ഷേപിച്ചിരിക്കുന്നത്.

ആത്മരക്ഷയ്ക്കായുള്ള മാനുഷിക പരിശ്രമങ്ങ
ൾക്ക് കൂടുതൽ കരുത്താർജ്ജിക്കേണ്ട നോമ്പു
കാലത്തിൽ കുടുംബാതിഷ്ഠിതമായ ത്യാഗശീല
ങ്ങൾക്കും ആത്മാർപ്പണത്തിനും ഏറെ പ്രസ
ക്തിയും പ്രാധാന്യവുമുണ്ട്. 'ഒരുമിച്ച് പ്രാർത്ഥി
ക്കുന്ന കുടുംബങ്ങൾ ഒരുമിച്ച് ജീവിക്കുന്നു'
വെന്ന് നാം കേട്ടിട്ടുണ്ട്. 'ഒരുമിച്ച്ജീവിക്കുന്ന

കുടുംബങ്ങൾ ഒരുമിച്ച് അതിജീവിക്കുന്നു' എന്നു കൂടെ ചേർക്കപ്പെടണം. സമൃദ്ധിയുടെയും സൗകര്യങ്ങളുടെയും ആധുനികലോകം സൃഷ്ടിക്കുന്ന സുഖലോലുപതയുടെയും അലസതയുടെയും പ്രലോഭനപ്രളയത്തിൽ നിന്നുള്ള അതിജീവനം; ഇന്റർനെറ്റ്, മൊബൈൽ തുടങ്ങിയ ആധുനിക മാദ്ധ്യമസംവിധാനങ്ങളുടെ ദുരുപയോഗപ്രളയത്തിൽ നിന്നുള്ള അതിജീവനം; സർവ്വം നേടാനും ഒന്നാമതാകാനുമുള്ള കുതിപ്പിൽ സഹവാസികളെയും സഹജീവികളെയും പ്രകൃതിവിഭവങ്ങളെയും ദുർവിനിയോഗപ്പെടുത്തുന്ന ദുശ്ശീലപ്രളയത്തിൽ നിന്നുള്ള അതിജീവനം; അങ്ങനെ നാം അനുദിന ജീവിതത്തിൽ നേരിടേണ്ട വെല്ലുവിളികൾ ഏറെ. ദൈവീകപദ്ധതിയിലെ മനോഹരവും വിവിധോദ്ദശ്യയുക്തവുമായ കുടുംബത്തിലെ പ്രാർത്ഥനയും കൂട്ടായ്മയും കൂട്ടായ പരിശ്രമങ്ങളുമാണ് സഭയും ആധുനികശാസ്ത്രവും മുന്നോട്ടുവയ്ക്കുന്ന പരിഹാരമാർഗ്ഗങ്ങൾ. കൂടുതൽ പ്രാർത്ഥിക്കാനും ഉപവാസമനുഷ്ഠിക്കാനും മാംസവർജ്ജനം മുതലായ ത്യാഗപ്രവൃത്തികൾ ചെയ്യാനും നോമ്പുകാലത്തിൽ വ്യക്തിപരമായ തീരുമാനങ്ങൾ നാം കൈകൊള്ളാറുണ്ട്. അത്തരം തീരുമാനങ്ങളിലെ സ്ഥൈര്യം നഷ്ടപ്പെടുന്നതിലൂടെ ഉണ്ടാകാറുള്ള അസംതൃപ്തവും അപൂർണ്ണവുമായ നോമ്പാചരണത്തിനു ഏറ്റവും യോചിച്ച മറുമരുന്ന് കുടുംബത്തിന്റെ കൂട്ടായ്മയാണ്. നോമ്പാചരണത്തിലെ പ്രത്യേക തീരുമാനങ്ങൾ കുടുംബാംഗങ്ങളെല്ലാവരും ചേർന്നെടുക്കുകയും അവയുടെ പൂർത്തീകരണത്തിനായി പരസ്പരം സഹായിക്കുകയും ചെയ്യുമ്പോൾ ഏറ്റവും വിഷമകരമെന്നു തോന്നിക്കുന്ന ത്യാഗപ്രവൃത്തികൾപ്പോലും നിസാരമായിമാറും.



താളം തെറ്റിയ കുടുംബ പ്രാർത്ഥനാരീതികളിലെ പിഴവുകൾ തിരുത്താനായി നോമ്പുക്കാലം പ്രയോജനപ്പെടുത്തുന്നത് ഉചിതമാണ്.

താളം തെറ്റിയ കുടുംബപ്രാർത്ഥനാരീതികളിലെ പിഴവുകൾ തിരുത്താനായി നോമ്പുക്കാലം പ്രയോജനപ്പെടുത്തുന്നത് ഉചിതമാണ്. കൂട്ടായ തീരുമാനവും വിശ്വസ്തതയും സമയനിഷ്ഠയും എല്ലാറ്റിനുമുപരി പരസ്പര പ്രോത്സാഹനവും ഇതിനാവശ്യമാണ്. വിശുദ്ധ കുർബാന, കുമ്പസാരം തുടങ്ങിയ കൂദാശകളുടെ പതിവായ സ്വീകരണം പരസ്പരം ഉറപ്പുവരുത്തുന്നത് കുടുംബവിശുദ്ധിയിലുള്ള വളർച്ചയ്ക്ക് വളരെ നിർണ്ണായകമാണ്. 'കുരിശിന്റെ വഴി' പോലുള്ള നോമ്പുക്കാല ഭക്താനുഷ്ഠാനത്തിലും കുടുംബത്തിനു വലിയ പങ്കു വഹിക്കാനുണ്ട്. നോമ്പുക്കാലത്തിന്റെ ആരംഭത്തിൽ തന്നെ ഓരോ കുടുംബവും വി. കുർബാനയർപ്പണം, കൊന്ത നമസ്ക്കാരം, സുകൃജപം തുടങ്ങിയ ഭക്താചരണങ്ങളുടെ നിശ്ചിതമായ എണ്ണം തീരുമാനിച്ച്, അവ പൂർത്തിയാക്കുന്നതും പ്രോത്സാഹനാർഹമാണ്.

കാരുണ്യവർഷത്തിൽ ഓരോ കുടുംബവും ഏതെങ്കിലും കാരുണ്യപ്രവൃത്തികൾ ഏറ്റെടുക്കുന്നത് നോമ്പുകാലാചരണം കൂടുതൽ അർത്ഥവത്താക്കുന്നു. കുടുംബാംഗങ്ങളുടെ ത്യാഗപ്രവൃത്തികളോടെമിച്ചം വയ്ക്കുന്നതിൽ നിന്നും ഭക്ഷണമായും വസ്ത്രമായും ധനസഹായമായും സഹായമർഹിക്കുന്നവർക്ക് ദാനം ചെയ്യുന്നത് കുടുംബങ്ങളിലെ ത്യാഗാരൂപിയും ഉപവി പ്രവർത്തന സന്നദ്ധതയും വർദ്ധിപ്പിക്കും.

കുടുംബങ്ങളിൽ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും അന്തരീക്ഷം ഓരോ അംഗങ്ങളുടേയും ഉത്തരവാദിത്തമാണ്. പരസ്പര ബഹുമാനത്തിന്റെയും കൃതജ്ഞതയുടെയും ക്ഷമാപണത്തിന്റെയും വാക്കുകളും ചെയ്തികളും കുടുംബത്തിൽ വളർത്തിയെടുക്കുവാൻ ഏറ്റവും അനുയോജ്യമായ കാലാവസ്ഥയാണ് നോമ്പുക്കാലം പ്രദാനം ചെയ്യുന്നത്. വിഭൂതിതിങ്കളാഴ്ച ഒരു 'കുടുംബനോമ്പി'ന് തിരികൊളുത്തി, പെസഹാ വ്യാഴാഴ്ചയിലെ 'അപ്പം മുറിയ്ക്കൽ' ശുശ്രൂഷയിൽ പുതിയ ജീവിതത്തിലേയ്ക്കുള്ള 'കടന്നു പോക്കി'നുള്ള കുടുംബത്തിന്റെ തീർത്ഥയാത്രയാകട്ടെ നോമ്പാചരണം. ഉത്ഥിതന്റെ സമാധാനം അവകാശമാക്കുന്ന കുടുംബം, ലൗകീകപ്രശ്നങ്ങളുടെ മഹാമാരിക്കൊടുവിലെ 'ഉടമ്പടിയുടെ മഴവില്ല്' കാണാൻ അവശേഷിക്കുന്നവരാകും.

**ഫാ. ജസ്റ്റിൻ കല്ലേലി**



# പ്രവർത്തന നിരതമായ കാരുണ്യം

തൃശ്ശൂർ തോപ്പ് മൈനർ സെമിനാരിയിൽ പഠിക്കുന്ന കാലം. അവധിക്കാലത്ത് കിടപ്പുരോഗികളെ ശുശ്രൂഷിക്കുന്ന പോപ്പ് ജോൺ പോൾ മേഴ്സി ഹോമിൽ സേവനത്തിനായി പോയ പത്ത് പേരടങ്ങുന്ന ഗ്രൂപ്പിൽ ഞാനുമുണ്ടായിരുന്നു. നൂറിലധികം കിടപ്പുരോഗികൾ വിവിധ വാർഡുകളിലും മുറികളിലുമായി അവിടെയുണ്ടായിരുന്നു. അതിൽ കുട്ടികളും മുതിർന്നവരും സ്ത്രീകളും പുരുഷന്മാരുമുണ്ട്. കൂട്ടത്തിൽ കുറച്ച് പേർ മാത്രമേ ജന്മനാ കിടപ്പുരോഗികളായി ഉണ്ടായിരുന്നുള്ളൂ. ഏറെയും പേർ സാധാരണ ജീവിതം നയിച്ചിരുന്നവരായിരുന്നു. ജീവിതത്തിന്റെ പ്രത്യേക സാഹചര്യത്തിൽ അസുഖമോ അപകടമോ അതിലേറെ കാരുണ്യത്തിന്റെ അഭാവമോ അവരെ അവിടെയെത്തിച്ചു. എന്തുകൊണ്ട് ഈ ജീവിതങ്ങൾ എന്ന ചോദ്യം സന്ദർശകരെ അസ്വസ്ഥരും ദു:ഖിതരുമാക്കി. പലരുടേയും മനസ്സിൽ ചോദ്യചിഹ്നങ്ങളുയർത്തി, എന്റേയും.

**കാരുണ്യത്തിന്റെ നിർവചനം**

ഏറെ കാലങ്ങൾക്ക് ശേഷം 2000 മാണ്ട് ജൂണിൽ മുംബൈ നഗരത്തിലെത്തിയ കാലം. പട്ടണത്തിലെ തെരുവോരങ്ങളിലെയും ചേരികളിലേയും ജീവിതങ്ങൾ മനസ്സിൽ അസ്വസ്ഥകളും വേദനകളും ആ പഴയ ചോദ്യവും എന്നിൽ ഉണർത്തി. എന്തു കൊണ്ട് ഈ ജീവിതങ്ങൾ ഇങ്ങിനെ? എന്നോ മനസ്സിൽ രൂപപ്പെട്ട ഒരു ചിന്ത മേൽ പറഞ്ഞ ചോദ്യത്തിന് ഉത്തരമായി തോന്നി. കാരുണ്യമെന്നത് കാണപ്പെടുന്ന സഹോദരരുടെ ആവശ്യങ്ങളിൽ സഹായമാകുമ്പോൾ എന്നിൽ രൂപപ്പെടുന്ന പുണ്യമാണത്.

അതായത് ആവശ്യകാരനായ എന്റെ സഹോദരൻ (സഹോദരി) എന്നിൽ കാരുണ്യം ജനിപ്പിക്കുന്നു. എന്നിൽ ജനിക്കുന്ന ഈ കാരുണ്യം സഹായത്തിന്റെ ഒരു പ്രവൃത്തിയിലേക്ക് നയിക്കുമ്പോൾ അത് സഹോദരസ്നേഹമായി മാറുന്നു. ഈ കാരുണ്യം എന്റെ സഹോദരർക്ക് സഹായവും സന്തോഷവും നൽകുമ്പോൾ എന്റെ ഹൃദയത്തിന് ആനന്ദവും സംതൃപ്തിയും നൽകുന്നു. അങ്ങനെ കാരുണ്യം സ്വീകരിക്കുന്നവനും അത് കൊടുക്കുന്നവരും സ്വീകരിക്കുന്ന ഊർജ്ജമാണ് ഈ പ്രപഞ്ചത്തെ നയിക്കുന്ന സ്നേഹത്തിന്റെ ശക്തി എന്ന് പറയുന്നതിൽ തെറ്റില്ല എന്ന് തോന്നുന്നു. മറ്റൊരർത്ഥത്തിൽ ഈ സ്നേഹത്തിന്റെ ഊർജ്ജമായ കാരുണ്യമാണ് ഈ ലോകത്തിന് രക്ഷ നൽകികൊണ്ടിരിക്കുന്നത്.

"കാരുണ്യത്തിന്റെ മുഖം" എന്ന കല്പനയിൽ 136-ാം സങ്കീർത്തനം ഉദ്ധരിച്ച് ഫ്രാൻസീസ് പാപ്പ പറയുന്നു. കാരുണ്യം കൊണ്ട് പഴയ നിയമത്തിലെ എല്ലാ സംഭവങ്ങളും അഗാധമായ രക്ഷാകര പ്രാധാന്യം കൈവരിക്കുന്നു. ഇസ്രായേലുമായുള്ള ദൈവത്തിന്റെ ചരിത്രത്തെ കാരുണ്യം രക്ഷാചരിത്രമാക്കി മാറ്റുന്നു. തന്നിൽ നിന്ന് തിന്മ ചെയ്ത് അകന്നുപോയ ജനത്തോട് ദൈവപിതാവ് വിവിധ ഭാവങ്ങളിൽ കാരുണ്യം കാണിച്ച് രക്ഷിച്ച് വീണ്ടെടുത്ത അനുഭവം പഴയനിയമചരിത്രം രക്ഷാകരചരിത്രമാക്കി എന്ന് പറയാം.

ഇന്നിന്റെ ചരിത്രത്തെ കാരുണ്യം കൊണ്ട് വീണ്ടെടുത്ത് രക്ഷാകരമാക്കി മാറ്റുവാൻ ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നു എന്ന് കരുണയുടെ വർഷം നമ്മെ ഓർമ്മിപ്പിക്കുന്നു.



> **ഇന്നിന്റെ ചരിത്രത്തെ കാരുണ്യം കൊണ്ട് വീണ്ടെടുത്ത് രക്ഷാ കരമാക്കി മാറ്റുവാൻ ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടി രിക്കുന്നു എന്ന് കരുണയുടെ വർഷം നമ്മെ ഓർമ്മിപ്പിക്കുന്നു.**

### കാരുണ്യത്തിന്റെ സമൂർത്ത മുഖം

ഫ്രാൻസീസ് പാപ്പ ഓർമ്മിപ്പിക്കുന്ന സ്നേഹം സ്പർശനീയമാം ദർശനീയവുമാകുന്നു. കാരുണ്യത്തിന്റെ മുഖം എന്ന കല്പനയിലുടനീളം പാപ്പ കാരുണ്യത്തെ ദൈവപിതാവിന്റെ പ്രവൃത്തിയെന്നാണ് വിളിക്കുന്നത്. അമൂർത്തമായി കരുതിയിരുന്ന ദൈവസ്നേഹത്തെ കാരുണ്യത്തിന്റെ പ്രവൃത്തിയിലൂടെ ലോകത്തിന് സമൂർത്തമാക്കി. ആർദ്രമായ ഈ ദൈവസ്നേഹം ഏറെ സ്വീകരിച്ച ഓരോ ക്രിസ്തു അനുയായിയിൽ നിന്നും കാരുണ്യത്തിന്റെ അരുവികളൊഴുക്കുവാൻ അങ്ങനെ നമ്മെ വിസ്മയിപ്പിക്കാൻ നമുക്ക് ദൈവത്തെ അനുവദിക്കാം എന്ന് പാപ്പ ആഹ്വാനം ചെയ്യുന്നു.

ശരീരമാസകലം വൃണം നിറഞ്ഞ അനാഥനായ ആ മനുഷ്യന്റെ മുറിവുകൾ വച്ചുകെട്ടി മദർ തെരേസ പരിചരിച്ചു. പരിചരണമെല്ലാം കഴിഞ്ഞ് പോകാനൊരുങ്ങിയ മദറിന്റെ കയ്യിൽ പിടിച്ച് നിറകണ്ണുകളോടെ അയാൾ ചോദിച്ചു, "താങ്കളാണോ ദൈവത്തിന്റെ ഭാര്യ". മദർ തെരേസ എന്ന ഒരു സാധാരണ കന്യാസ്ത്രീയുടെ ഹൃദയത്തിൽ നിന്ന് ഒഴുകിയ കരുണയുടെ നീർച്ചാലുകൾ ഇന്നും മനുഷ്യബുദ്ധിയ്ക്കതീതമായി മാനവരാശിയെ വിസ്മയിപ്പിച്ചുകൊണ്ടിരിക്കുന്നു.

### ബുദ്ധിയുള്ള മണ്ടത്തരങ്ങൾ

കുട്ടേട്ടൻ കാളയുടെ രണ്ട് കൊമ്പുകൾക്കിടയിൽ ഒന്ന് തലയിട്ട് നോക്കി. കാള കുട്ടേട്ടനേയും എടുത്ത് ഓട്ടം തുടങ്ങി. നാട്ടുകാരൊക്കെ എങ്ങനെയോ കുട്ടേട്ടനെ രക്ഷിച്ചു. അവർ അയാളെ ശകാരിച്ചു. ഇങ്ങനെ ആലോചനയില്ലാതെ ചെയ്താലെങ്ങനെയാ. "അതു മാത്രം പറയരുത്" കുട്ടേട്ടൻ സങ്കടപ്പെട്ടു. ആലോചനയില്ലെന്നോ, കഴിഞ്ഞ ആറുമാസമായി ഞാനാലോചിക്കുകയാണ് തല കൊമ്പിന്റെ മുൻ ഭാഗത്തു കൂടെ ഇടണോ അതോ പിൻ ഭാഗത്തൂടെ ഇടണോന്ന് (കടപ്പാട് മനുഷ്യസ്നേഹി) ബുദ്ധിയുള്ള മണ്ടത്തരങ്ങളാണ് ഈ കാലത്തിന്റെ



“

**പരിചരണമെല്ലാം കഴിഞ്ഞ് പോകാനൊരുങ്ങിയ മദറിന്റെ കയ്യിൽ പിടിച്ച് നിറകണ്ണുക ളോടെ അയാൾ ചോദിച്ചു,**

**താങ്കളാണോ ദൈവത്തിന്റെ ഭാര്യ?**

**മദർ തെരേസ എന്ന ഒരു സാധാരണ കന്യാസ്ത്രീയുടെ ഹൃദയത്തിൽ നിന്ന് ഒഴുകിയ കരുണയുടെ നീർച്ചാലുകൾ ഇന്നും മനുഷ്യബുദ്ധിയ്ക്കതീത മായി മാനവരാശിയെ വിസ്മയി പ്പിച്ചുകൊണ്ടിരിക്കുന്നു.**

പുതിയ കല.

80 വർഷകാലം ജീവിച്ചാൽ വെറും 30,000 ദിവസത്തിൽ താഴെ ആയുസ്സുള്ള മനുഷ്യൻ തന്റെ സ്വാർത്ഥയിൽ ഒരു സുഷിരത്തിനുപ്പോലും ഇടകൊടുക്കാതെ കെട്ടിപ്പോക്കുന്ന “അഹം” ഭാവത്തിന്റെ സൗധങ്ങൾ വെറുപ്പും, വിദ്വേഷവും, വൈരാഗ്യവും, പിടിച്ചടക്കലും കൊണ്ട് നിറഞ്ഞിരിക്കുന്നു. ഞാനെന്ന ഭാവത്തിൽ എല്ലാം മുങ്ങിയിരിക്കുന്നു. മറ്റുള്ളവർക്ക് എന്ത് സംഭവിച്ചാലും എനിക്ക് ഉയർച്ചയുണ്ടാകണം, ലാഭമുണ്ടാകണം എന്ന് മാത്രം ചിന്തിച്ച് വെട്ടിപിടിക്കുന്ന തിരക്കിൽ കാരുണ്യം എന്ന വാക്കുപ്പോലും പഴഞ്ചൻ ആശയവും ഭീരുത്വത്തിന്റെ അടയാളവുമായി പുറം തള്ളപ്പെടുന്നു. ഹൈടെക് ആയുധങ്ങൾ മറുപടി പറയുന്ന ഈ കാലഘട്ടത്തിൽ കാരുണ്യം എന്ന ആശയത്തെ ജീവിതത്തിൽ നിന്ന് ഒഴിവാക്കാനും മനുഷ്യഹൃദയങ്ങളിൽ നിന്ന് നീക്കികളയാനും പരിശ്രമിക്കുന്നു എന്ന് മാർപ്പാപ്പ അനുസ്മരിപ്പിക്കുന്നു.

മനുഷ്യന്റെ സുഖത്തിനും സന്തോഷത്തിനും വളർച്ചയ്ക്കും കാരുണ്യത്തിന്റെ ഭാവം തടസ്സമാകുന്നു എന്നു ചിന്തയിൽ കാരുണ്യത്തെ വിസ്മൃതിയാഴ്ത്തി അതിവേഗം മുന്നേറാഗ്രഹിക്കുന്ന മനുഷ്യന് നഷ്ടമാകുന്നത് അവൻ എന്ത് ആഗ്രഹിച്ചുവോ അത്, സന്തോഷവും സമാധാനവും വളർച്ചയും.

**മുറിവുണക്കുന്ന ഔഷധം**

മുറിവുണക്കുന്ന ഔഷധം മുറിവിനെ ജയിക്കുന്നതുപ്പോലെ കാരുണ്യമെന്ന ഔഷധത്തിന് മാത്രമാണ് അസമാധാനത്തിന്റേയും ഭീകരവാദത്തിന്റേയും സ്വാർത്ഥതയുടെയും ചൂഷണത്തിന്റേയും വൃണം വന്ന് നീറുന്ന ഈ കാലഘട്ടത്തെ ആശ്വസിപ്പിക്കാനാവുക. ജോൺ പതിമൂന്നാമൻ മാർപ്പാപ്പയെ ഉദ്ധരിച്ച് ഫ്രാൻസീസ് പാപ്പ അനുസ്മരിപ്പിക്കുന്നു. “ഇക്കാലത്താകട്ടെ കാരുണ്യത്തിന്റെ കരവാളെടുക്കുന്നതിനെക്കാൾ കാരുണ്യത്തിന്റെ ഔഷധം പ്രയോഗികാനാണ് ക്രിസ്തുവിന്റെ മണവാട്ടി ഇഷ്ടപ്പെടുന്നത്.” സ്വാർത്ഥയുടെയും “അഹം” ഭാവത്തിന്റെയും നാശത്തിൽ നിന്ന് രക്ഷിക്കാൻ കാരുണ്യമെന്ന ഔഷധം നാമോരോരുത്തരിലൂടെയും ഈ ലോകത്തിന് നല്കുവാൻ നമ്മെ ദൈവപിതാവ് ഈ കരുണയുടെ വർഷം പ്രത്യേകമാം വിധം ക്ഷണിക്കുന്നു. നമ്മുടെ ചിന്ത – വാക്ക് – പ്രവർത്തികളിലൂടെ ഈ കാലഘട്ട ചരിത്രത്തെ രക്ഷാകര ചരിത്രമായി രൂപാന്തരപ്പെടുത്തുവാൻ അവിടുന്ന് ഇഷ്ടപ്പെടുന്നു. അങ്ങനെ ഞാനും കാരുണ്യത്തിന്റെ മുഖമാകേണ്ട തിരിച്ചറിവിലേക്ക് കണ്ണു തുറക്കട്ടെ. എന്റെ സഹോദരരുടെ ആവശ്യങ്ങളിൽ നിന്ന് എന്നിൽ രൂപപ്പെടുന്ന സ്നേഹത്തെ പ്രവർത്തന നിരതമാക്കി, കാരുണ്യമാക്കി രൂപാന്തരപ്പെടുവാൻ നമുക്കാകട്ടെ. അങ്ങനെ നീയും ഈ ലോകത്തിന് മറ്റൊരു ക്രിസ്തുവായി ത്തീരുന്നു, ദൈവപിതാവിന്റെ കാരുണ്യത്തിന്റെ മുഖം.

**ഫാ. പോൾ കുണ്ടുപറമ്പിൽ**



# സുവിശേഷത്തിൽ ആനന്ദം

ഇന്ന് ലോകത്തെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന വ്യക്തി ഫ്രാൻസീസ് മാർപ്പാപ്പ എന്ന് നിസംശയം പറയാം. 2013 മാർച്ച് 13 ന് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസലിക്കയുടെ ബാൽക്കണിയിൽ വന്ന് പോർഹെ മാരിയോ ബെർഗോളിയോ എന്ന ഫ്രാൻസിസ് പാപ്പ ജനങ്ങളുടെ പ്രാർത്ഥനാസഹായം ആവശ്യപ്പെട്ടുകൊണ്ട് തലകുനിച്ചു നിന്നതുമുതൽ ഒരു പുതിയ വിപ്ളവം സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. സ്നേഹത്തിന്റെ, കരുണയുടെ, എളിമയുടെ ഒരു വിപ്ളവം. ഫ്രാൻസിസ് പാപ്പയെ ഒരു കമ്മ്യൂണിസ്റ്റ് ആയിപോലും പലരും തെറ്റിദ്ധരിച്ച ഒരു പ്രബോധനം, 'Evangelii Gaudium' - 'Joy of the Gospel' "സുവിശേഷത്തിന്റെ ആനന്ദം". വത്തിക്കാനിൽ 2013 ഒക്ടോബറിൽ നടന്ന സിനഡിലെ 'ക്രൈസ്തവ വിശ്വാസം പകർന്നു കൊടുക്കുവാൻ നവസുവിശേഷവത്കരണം' എന്ന വിഷയമാണ് ഇതിന് പ്രചോദനമായത്. ഫ്രാൻസിസ് പാപ്പയ്ക്ക് സംഭയെക്കുറിച്ചുള്ള സ്വപ്നം ഇതിൽ പ്രതിഫലിക്കുന്നുണ്ട്.

**സുവിശേഷവത്കരണം ഒരു കൂട്ടുത്തരവാദിത്വം**

സുവിശേഷവത്കരണം എന്നത് പ്രത്യേകം ഒരുക്കിയെടുത്തിരിക്കുന്ന ഒരു കൂട്ടം വ്യക്തികളുടെ മാത്രം ഉത്തരവാദിത്വമല്ല, കർത്താവിൽ മാമ്മോദീസ സ്വീകരിച്ച് അവിടുത്തെ മൗതികശരീരമായ സഭയുടെ ഭാഗമായി തീർന്ന എല്ലാവരുടെയും കൂട്ടായ ഉത്തരവാദിത്വമാണ്. "ജ്ഞാനസ്നാനം സ്വീകരിക്കുന്നതിലൂടെ എല്ലാ അംഗങ്ങളും സുവിശേഷവത്കരണത്തിന്റെ പ്രതിനിധിയാണ്, ബാക്കിയുള്ള വിശ്വാസികൾ നിഷ്ക്രിയരായ ഗുണഭോക്താക്കൾ ആയിരിക്കുമ്പോൾ പ്രത്യേകം പ്രാഗത്ഭ്യം സിദ്ധിച്ചവർ നടപ്പിലാക്കേണ്ട ഒരു സുവിശേഷപദ്ധതി വിഭാവനം ചെയ്യുന്നത് അപര്യാപ്തമായിരിക്കും. നവസുവിശേഷവത്കരണം ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയുടെയും ഭാഗത്തുനിന്ന് വ്യക്തിപരമായ പങ്കാളിത്തം ആവശ്യപ്പെടുന്നു". (നമ്പർ 120)

**സുവിശേഷവത്കരണം : ആനന്ദം പങ്കുവയ്ക്കൽ, സഹാനുഭൂതി**

"സുവിശേഷത്തിൽ ആനന്ദം" എന്ന പ്രബോധനത്തിന്റെ പേജുകളിലൂടെ കടന്നു പോകുമ്പോൾ പ്രധാനമായും രണ്ടു കാര്യങ്ങൾ സുവിശേഷവത്കരണത്തിനായി പാപ്പ മുന്നോട്ടു വയ്ക്കുന്നുണ്ട് : ആനന്ദവും സഹാനുഭൂതിയും. പാപ്പയുടെ അഭിപ്രായത്തിൽ സുവിശേഷവത്കരണത്തിന് ഒരു നിഗൂഢമായ അജണ്ടയൊന്നുമില്ല. സുവിശേഷവത്കരണം വിശ്വാസം അടിച്ചേൽപിക്കലല്ല. മറിച്ച് നാം സ്വന്തമാക്കിയ ആനന്ദം പകർന്നു നൽകലാണ്. മറ്റുള്ളവരോട് സഹാനുഭൂതി കാണിക്കലാണ്. നമ്മുടെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ഭൂമിയിൽ ദൈവരാജ്യത്തെ സന്നിഹിതമാക്കലാണ്.

**ആനന്ദം ഒരു വെല്ലുവിളി**

ആനന്ദമുള്ളവരായിരിക്കുക എന്നുള്ളതാണ് ഈ ലോകത്തിന്റെ ഏറ്റവും വലിയ വെല്ലുവിളി. അതിനെ സന്തോഷത്തിൽ നിന്നും സുഖത്തിൽ നിന്നുമൊക്കെ വേർതിരിക്കുന്നുണ്ട്. സന്തോഷവും സുഖവുമൊക്കെ നൈമിഷികങ്ങളാണ്. "ഒരായിരം നിബന്ധനകൾ പാലിക്കപ്പെട്ടെങ്കിൽ മാത്രമേ സന്തോഷത്തോടെ ജീവിക്കാൻ സാധിക്കൂ". (നമ്പർ 7) സുഖവും സന്തോഷവുമൊക്കെ മനുഷ്യന് ആവോളം നൽകാൻ മാത്രം ഇന്ന് സങ്കേതിക വിദ്യകൾ വികസിച്ചിട്ടുണ്ട്. ഒരു ക്ലിക്കിനപ്പുറത്താണ് ഇന്ന് സുഖവും സന്തോഷവും എന്നാൽ യഥാർത്ഥ ആനന്ദം കണ്ടെത്തുവാൻ ഇന്ന് പലരും പരാജയപ്പെടുന്നു.



**ക്രിസ്തുവിന്റെ ഉത്ഥാനം ആനന്ദത്തിന്റെ സ്രോതസ്സ്**

ക്രിസ്തുവാണ് എല്ലാക്കാലത്തിലേയ്ക്കുമുള്ള ഏറ്റവും വലിയ സന്ദേശം, അല്ലെങ്കിൽ സുവിശേഷം. ആനന്ദം എന്നത് ക്രിസ്തുവിനെ കണ്ടുമുട്ടലാണ്, അവിടുത്തോടുള്ള അഗാധബന്ധത്തിൽ നിന്ന് ലഭിക്കുന്നതാണ്. "ഒരു ക്രൈസ്തവനായിരിക്കുക എന്നത് ധാർമ്മികമായ ഒരു തിരഞ്ഞെടുപ്പിന്റെയോ മഹത്തായ ഒരു ആശയത്തിന്റെയോ ഫലമല്ല, പിന്നെയോ ജീവിതത്തിന് നവമായ ഒരു ചക്രവാളവും നിയതമായ ഒരു ദിശാബോധവും നൽകുന്ന ഒരു സംഭവവുമായുള്ള, ഒരു വ്യക്തിയുമായുള്ള കണ്ടുമുട്ടലിന്റെ ഫലമാണ്."(നമ്പർ 7) ചുരുക്കി പറഞ്ഞാൽ ക്രിസ്തുസംഭവങ്ങളുടെ, രക്ഷാകരരഹസ്യങ്ങളുടെ അർത്ഥം ഗ്രഹിക്കുക, ക്രിസ്തുവിനെ രക്ഷകനും നാഥനുമായി സ്വീകരിക്കുക.

**പാവപ്പെട്ടവളും, പാവപ്പെട്ടവരുടേതുമായ സഭ**

ഈശോയുടെ മുഖം മറന്നെങ്കിൽ, ദരിദ്രരിലേയ്ക്ക് നോക്കാനാണ് പാപ്പ ആഹ്വാനം ചെയ്യുന്നത്. ഒരു ക്രിസ്ത്യാനി, ഒരു കത്തോലിക്കൻ എന്ന നിലയിൽ ഫ്രാൻസിസ് പാപ്പ ഈശോയുടെ ദാരിദ്രത്തിൽ നിന്നും സഹാനുഭൂതിയിൽ നിന്നും പ്രചോദനം സ്വീകരിച്ചയാളാണ്. അതുകൊണ്ടു തന്നെയാണ് പാപ്പ സഭയെ പാവപ്പെട്ടവൾ എന്നു വിളിക്കുന്നതും, പാവപ്പെട്ടവർക്കുവേണ്ടിയുള്ളത് എന്നും പഠിപ്പിക്കുന്നതും. "ദൈവം ദരിദ്രരോട് ആദ്യകാരുണ്യം കാണിക്കുന്നു. യേശു ക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം ഉണ്ടാകുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നതിനാൽ സഭ പാവങ്ങളോട് പക്ഷം ചേർന്നിരിക്കുകയാണ്. (നമ്പർ 198)

**ദരിദ്രരിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുക**

ജയിലിൽ കഴിയുന്നവരിൽ നിന്നും, സഹനത്തിന്റെ പാതയിലൂടെ കടന്നു പോകുന്നവരിൽ നിന്നും, നിരാശയിൽ അകപ്പെട്ടിരിക്കുന്നവരിൽ നിന്നുമൊക്കെ നാം പാഠങ്ങൾ ഉൾകൊള്ളണം. അവരിലൂടെയും അവരുടെ സാഹചര്യങ്ങളിലൂടെയും കർത്താവിന് ഒരു പാട് കാര്യങ്ങൾ നമ്മോട് പറയാനുണ്ട്. അവരുടെ ജീവിത സാഹചര്യങ്ങളിലൂടെ ദൈവം എങ്ങനെ നമ്മോട് സംസാരിക്കുന്നുവെന്ന് അവർ നമ്മെ പഠിപ്പിക്കുന്നുണ്ട്. അതുകൊണ്ട് സഭ അവരോട് സഹാനുഭൂതി കാണിച്ചുകൊണ്ട് അവരിൽ നിന്ന് പാഠങ്ങൾ ഉൾകൊണ്ടുകൊണ്ട് അവരോട് ചേർന്ന് നിൽക്കണമെന്ന് പാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നു.

**കുറവുകളിലേയ്ക്ക്, ഇല്ലായ്മയിലേയ്ക്ക് കടന്നു ചെല്ലുക സഭയുടെ ദൗത്യം**



“

**സുവിശേഷവത്കരണം വിശ്വാസം അടിച്ചേൽപിക്കലല്ല. മറിച്ച് നാം സ്വന്തമാക്കിയ ആനന്ദം പകർന്നു നൽകലാണ്. മറ്റുള്ളവരോട് സഹാനുഭൂതി കാണിക്കലാണ്. നമ്മുടെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ഭൂമിയിൽ ദൈവരാജ്യത്തെ സന്നിഹിതമാക്കലാണ്.**

ബ്രസീലിൽ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെ നോക്കുന്ന ഒരു സ്ഥലത്ത് ചെന്നപ്പോൾ പാപ്പ പറയുകയുണ്ടായി. “ഏതൊരുവന്റെയും ശരീരം കർത്താവിന്റെ ശരീരമാണ്. സഹനത്തിലും കഷ്ടതയിലും ആയിരിക്കുന്നവരോട് അടുപ്പവും സ്നേഹവും കാണിക്കുവാൻ നമുക്ക് സാധിക്കണം”. പാപ്പ തന്റെ പ്രബോധനത്തിൽ ഭവനരഹിതർ, ലഹരിയുടെ അടിമകൾ, അഭയാർത്ഥികൾ, ആദിവാസികൾ, ഒറ്റപ്പെടുത്തപ്പെട്ടവരും ഉപേക്ഷിക്കപ്പെട്ടവരുമായ വൃദ്ധജനങ്ങളിലുമൊക്കെ, സഹിക്കുന്ന ക്രിസ്തുവിനെ ചൂണ്ടിക്കാട്ടുന്നുണ്ട്.

**ദരിദ്രർക്കും, ദുർബലർക്കും, ഗർഭസ്ഥശിശുക്കൾക്കും നീതി ഉറപ്പാക്കുക**

ദരിദ്രരെക്കുറിച്ച് സംസാരിക്കുമ്പോൾ ദരിദ്രർക്ക് ആവശ്യം ലഭിക്കേണ്ട നീതി ഉറപ്പാക്കുന്നതിനെക്കുറിച്ചും പാപ്പ തന്റെ പ്രബോധനത്തിൽ പറയുന്നുണ്ട്. പാവപ്പെട്ടവരെ മനുഷ്യരായി കാണാണം. നീതിബോധനത്തെക്കുറിച്ചു പറയുമ്പോൾ പിറക്കാനിരിക്കുന്ന ശിശുക്കളെയും പാപ്പ അതിൽ ഉൾക്കൊളളിക്കുന്നു. “പ്രത്യേക സ്നേഹത്തോടും പരിഗണനയോടും കൂടി സഭ ശുശ്രൂഷിക്കുവാൻ ആഗ്രഹിക്കുന്നു. ദുർബലരുടെ കൂട്ടത്തിൽ പെടുന്നവരാണ് ശിശുക്കൾ. നമുക്കിടയിലെ ഒട്ടും പ്രതിരോധമില്ലാത്ത നിഷ്കളങ്കരുമാണ് അവർ” (നമ്പർ 213)” മറ്റേതു മനുഷ്യാവകാശത്തിനുവേണ്ടി പൊരുതുന്നതുപോലെ ഗർഭസ്ഥശിശുക്കൾക്കുവേണ്ടിയും പൊരുതണം. ദരിദ്രരും, ദുർബലരും, ഗർഭസ്ഥ ശിശുക്കളുമെല്ലാം മറ്റാരെയും പോലെ അനുഗ്രഹിക്കപ്പെട്ടവരാണ് കാരണം എല്ലാവരും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണ്. അതുകൊണ്ട് മനുഷ്യന്റെ വ്യക്തിപരമായ മഹാത്മ്യത്തിന്റെ ഓരോ ലംഘനവും പ്രതികാരത്തിനായി ദൈവത്തോട് നിലവിളിക്കുന്നു.

**ക്രിസ്തുവിന്റെ കരങ്ങളിലെ ഉപകരണങ്ങളാകുക**

“തെരുവിൻ ആയിരിക്കുന്നതു മൂലം പരുക്കു പറ്റിയ, വേദനിക്കുന്ന, അഴുക്കു പുരണ്ട ഒരു സഭയെ ആണ് സ്വന്തം സുരക്ഷിതത്വത്തിലേയ്ക്ക് ചുരുങ്ങുന്ന സഭയേക്കാൾ എനിക്കിഷ്ടം” (നമ്പർ 49). നമുക്കൊക്കെ ഒരു പക്ഷെ ദരിദ്രർക്കും ദുർബലർക്കും അവഗണിക്കപ്പെട്ടവർക്കും വേണ്ടി ജീവിക്കാൻ സാധിച്ചെന്നു വരില്ല, പക്ഷെ അവരോടൊപ്പം പ്രവൃത്തിക്കുവാൻ സാധിക്കണം, അവർക്കു വേണ്ടി പ്രവൃത്തിക്കുവാൻ സാധിക്കണം. ഓരോ ക്രൈസ്തവനും ക്രിസ്തുവിന്റെ കരങ്ങളിലെ ഉപകരണങ്ങളാണ് എന്ന ബോദ്ധ്യത്തിലേയ്ക്ക് വളരണം.

**ഉപസംഹാരം**

സഭ ഒരു “മ്യൂസിയം പീസ്” ആകാതിരിക്കാൻ നവസുവിശേഷവത്കരണം ആവശ്യമാണ്. അതിന് നിഗൂഡമായ ഒരു അജണ്ടയുടെ ആവശ്യമില്ല. സുവിശേഷം അടിച്ചേൽപിക്കലിന്റെ ആവശ്യമില്ല. മറിച്ച് ദരിദ്രരും ദുർബലരിലുമൊക്കെ ക്രിസ്തുവിനെ ദർശിച്ചുകൊണ്ട് അവരോട് സഹാനുഭൂതി കാണിച്ചുകൊണ്ട് സുവിശേഷത്തിന്റെ ആനന്ദം, ക്രിസ്തുവിൽ നമുക്കു ലഭിച്ച ആനന്ദം ജീവിക്കുക, പകർന്നു നൽകുക.

**ഫാ. ലിജോ വെള്ളിയാംകണ്ടത്തിൽ**

# അങ്ങേയ്ക്ക് സ്തുതി

2015 മെയ് മാസം 24-ാം തീയതി 'Laudato Si' (അങ്ങേയ്ക്ക് സ്തുതി, എന്റെ നാഥാ) എന്ന ചാക്രിക ലേഖനം പുറത്തിറങ്ങിയത്. പൊതുഭവനത്തെ സംരക്ഷിക്കേണ്ടതിന്റെ ജാഗ്രതയും സുക്ഷ്മതയും അത് തിരിച്ചറിഞ്ഞു. നമ്മുടെ പൊതുഭവനത്തിന് എന്തു സംഭവിക്കുന്നു, സൃഷ്ടിയുടെ സുവിശേഷം, പാരിസ്ഥിതിക പ്രതിസന്ധിയുടെ മാനുഷിക വേരുകൾ, സമഗ്രപരിസ്ഥിതി വിജ്ഞാനീയം, സമീപനത്തിന്റെയും പ്രവർത്തനത്തിന്റെയും പദ്ധതികൾ, പരിസ്ഥിതി വിജ്ഞാനീയപരമായ വിദ്യാഭ്യാസവും ആത്മീയതയും, സൂര്യനുമപ്പുറം (ഭൂമിക്ക് വേണ്ടിയുള്ള പ്രാർത്ഥന) തുടങ്ങിയ അദ്ധ്യായങ്ങളിലൂടെ മുന്നേറുന്ന ചാക്രികലേഖനം, പരസ്പരം അകലുകയും ചെറു തുരുത്തുകളായി ചുരുങ്ങുകയും ചെയ്യുന്ന മനുഷ്യന്റെ ഒടുങ്ങാത്ത ആർത്തിയെ ഓർത്ത് വേദനിക്കുകയും ചെയ്യുന്നു. അവസാന അദ്ധ്യായത്തിന്റെ ഒരു വായനാനുഭവമാണ് ഈ ലേഖനം.

1. **തീവ്രമായ ഉപഭോഗം**

"വിപണി, അതിന്റെ ഉല്പന്നങ്ങൾ വിൽക്കാനുള്ള ഒരു പരിശ്രമത്തിൽ, തീവ്രമായ ഉപഭോഗത്തെ പ്രോത്സാഹിപ്പിക്കാനുള്ള പ്രവണത കാണിക്കുന്നതുകൊണ്ട്, ആവശ്യമില്ലാത്ത വാങ്ങലിന്റെയും ചെലവാക്കലിന്റെയും ഒരു ചുഴലിക്കാറ്റിൽ ജനങ്ങൾ വേഗത്തിൽ അകപ്പെട്ടു പോകുന്നു ". (203)

ഓരോ കാലഘട്ടത്തിലും വിപണി പുതിയ തന്ത്രങ്ങൾ മെനയുന്നുണ്ട്. ക്രയ വിക്രയങ്ങൾ ഭീതിദമായ രീതിയിൽ പ്രോത്സാഹിപ്പിക്കുകയും, തെരെഞ്ഞെടുക്കാനുള്ള ഉപഭോക്താവിന്റെ സ്വാതന്ത്ര്യമെന്നമട്ടിൽ വിപണി അതിനെ തന്നെ ഉയർത്തിക്കാട്ടുകയും ചെയ്യുന്നു. ഷോപ്പിങ്ങ് കോപ്ളക്സിൽ നിന്ന് മാളുകളിലേക്കും തുടർന്ന് ഇ-കോമേഴ്സ് സൈറ്റുകളിലേക്കും നാം കടന്നു കയറിയത് ദ്രുതഗതിയിലായിരുന്നു. മുഖം നഷ്ടപ്പെടുകയും വിപണികളിലും കമ്പോളങ്ങളിലും അത്മാവബോധം നഷ്ടപ്പെടുകയും ചെയ്ത ആധുനിക മനുഷ്യൻ തന്റെ വ്യക്തിത്വം വീണ്ടെടുക്കണം. ഒരു വ്യക്തിയുടെ ഹൃദയം കൂടുതൽ ശൂന്യമാവുമ്പോൾ അവർക്ക്



സാധനങ്ങൾ വാങ്ങിക്കാനും സ്വന്തമാക്കാനും ഉപയോഗിക്കാനുമുള്ള ആവശ്യം കൂടുതലായുണ്ടാകുന്നു.

2. **സാമൂഹിക ഉത്തരവാദിത്തം'**

"വാങ്ങുക എന്നത് എപ്പോഴും ഒരു സാമ്പത്തിക പ്രവർത്തി മാത്രമല്ല, ധാർമ്മികത ഉൾക്കൊള്ളുന്ന ഒരു പ്രവർത്തികൂടിയാണ്. "

ഒരു വാണിഭ-ക്കടലിലാണെങ്കിലും, തങ്ങൾക്ക് മീതെ ഉയരാനും ഒരു പുതിയ തുടക്കം കുറിക്കാനും മനുഷ്യന് സാധിക്കും. ജീവിതശൈലിയിൽ ഒരു വ്യക്തി എടുക്കുന്ന ശരിയായ തീരുമാനത്തിനനുസരിച്ച് അത് ക്രമീകരിക്കാൻ അവർ നിർബന്ധിതരാകും. ഇത് ഒരു മനുഷ്യനു ലഭിക്കേണ്ട വലിയൊരു അവബോധമാണ്. ജീവിതത്തോടുള്ള പുതിയ ആദരവ്. മറ്റൊരു വ്യക്തിയെ കരുതാനും അവനെ ഉൾക്കൊണ്ട് ജീവിതത്തിന്റെ ആനന്ദപൂർവ്വകമായ ആഘോഷത്തിനു വേണ്ടിയും തയ്യാറെടുക്കണം. വ്യക്തിപരമായ ഓരോ തീരുമാനങ്ങൾ നമുക്ക് ചുറ്റുമുള്ള ലോകത്തിന് ആഘാതം ഏൽപ്പിക്കുന്നുവെന്ന് നാം തിരിച്ചറിയണം.

3. **പാരിസ്ഥിതിക വിദ്യാഭ്യാസം**

ചെറിയ പ്രതിദിനപ്രവർത്തനങ്ങളിലൂടെ സൃഷ്ടികളോട് കരുതൽ കാട്ടാനുള്ള ചുമതലയിൽ ഒരു മഹത്വമുണ്ട്..... നമുക്ക് ചുറ്റുമുള്ള ലോകത്തെ പ്രത്യക്ഷമായും സാരമായും ബാധിക്കുന്ന, പ്ളാസ്റ്റിക്കിന്റെയും കടലാസിന്റെയും ഉപയോഗം ഒഴിവാക്കുക, ജലത്തിന്റെ ഉപഭോഗം കുറക്കുക, ചവർ വേർതിരിക്കുക, ന്യായമായി ഉപയോഗിക്കാവുന്നതുമാത്രം പാചകം ചെയ്യുക, മറ്റു ജീവികളോട് കരുതൽ കാണിക്കുക, പൊതു ഗതാഗതമോ, കാറ് കൂട്ടുചേർന്നോ ഉപയോഗിക്കുക, മരങ്ങൾ നടുക, ആവശ്യമില്ലാത്ത വിളക്കുകൾ

> **ജീവന്റെ സംസ്കാരത്തിന്റെ ഹൃദയമാണ് കുടുംബം. "സാധനങ്ങളുടെ ശരിയായ ഉപയോഗം, ക്രമവും ശുചിത്വവും പ്രാദേശിക ആവാസവ്യവസ്ഥയോടുള്ള ആദരവ്, എല്ലാ സൃഷ്ടികളോടുമുള്ള കരുതൽ എന്നിവ പഠിക്കുന്നിടം."**






അണയക്കുക....... (211). മനുഷ്യമനസ്സിന്റെ നന്മയാണ് ഇതിലൂടെ പുറത്ത് വരുന്നത്. എന്തെങ്കിലും വസ്തു ഉപേക്ഷിക്കുന്നതിനപ്പുറത്ത് അത് വീണ്ടും ഉപയോഗിക്കുന്നത് പുനരുപയോഗിക്കുന്നത് മഹത്തായ ഒരു സ്നേഹപ്രവർത്തിയാണ്.

4. **കുടുംബത്തിൽ**

ജീവന്റെ സംസ്കാരത്തിന്റെ ഹൃദയമാണ് കുടുംബം. "സാധനങ്ങളുടെ ശരിയായ ഉപയോഗം, ക്രമവും ശുചിത്വവും പ്രാദേശിക ആവാസവ്യവസ്ഥയോടുള്ള ആദരവ്, എല്ലാ സൃഷ്ടികളോടുമുള്ള കരുതൽ എന്നിവ പഠിക്കുന്നിടം." (213) വിനയത്തോടെ അഭ്യർത്ഥിക്കാനും, നന്ദി പറയാനും അക്രമണോത്സുകതയും അത്യാഗ്രഹവും നിയന്ത്രിക്കാനും ക്ഷമ ചോദിക്കാനും കുടുംബത്തിൽ നാം അഭ്യസിക്കുന്നു.

5. **മാനസാന്തരം :**

"ആന്തരിക മരുഭൂമികൾ അതിവിശാലമായി തീർന്നതുകൊണ്ട് ലോകത്തിലെ ബാഹ്യമരുഭൂമികൾ വളർന്നുകൊണ്ടിരിക്കുന്നു."

വ്യക്തിപരമായ മാനസാന്തരത്തിനൊപ്പം സമൂഹമൊട്ടാകെ മാനസാന്തരത്തിന്റെ ചലനാത്മകം അനുഭവത്തിലേയ്ക്ക് എത്തണം. വലിയ സാമൂഹിക ശൃംഖലകൾ ഉണ്ടാകണം അവർ ഒന്നു ചേർന്ന് ആർദ്രത നിറഞ്ഞ കരുതലിന്റെ അരൂപി വളർത്തിയെടുക്കണം. ലോകം ദൈവത്തിന്റെ സ്നേഹസമ്മാനമാണെന്ന വലിയ ബോധ്യം അനിവാര്യമാണ്. ഓരോ സൃഷ്ടിയും ദൈവത്തിന്റെ ഒരംശം പ്രതിഫലിപ്പിക്കുന്നുണ്ട്, അതിന് നമുക്ക് നൽകാൻ മഹത്തായ ഒരു സന്ദേശവുമുണ്ട്.

6. **അല്പമാണ് അധികം**

"ചെറിയ കാര്യങ്ങൾ ആസ്വദിക്കാനും ജീവിതം നമുക്ക് നൽകുന്ന അവസരങ്ങളെക്കുറിച്ച് കൃതജ്ഞതയുള്ളവരാകാനും മറ്റുള്ളതിൽ നിന്ന് ആത്മീയമായി അകന്ന് നിൽക്കാനും, നമുക്കില്ലാത്തതിനെക്കുറിച്ചുള്ള ദു:ഖത്തിനു കീഴടങ്ങാതിരിക്കാനും നമ്മെ പ്രാപ്തരാക്കുന്ന ലാളിത്യത്തിലേക്കുള്ള ഒരു തിരിച്ചുപോക്കാണത്." ഇതൊരു സമചിത്തതയാണ്. തങ്ങൾക്കില്ലാത്തവയെ തേടിക്കൊണ്ട് വർത്തമാനജീവിതം നയിക്കുന്നവരാണ് സ്വയം നഷ്ടപ്പെടുത്തുന്നത്.

ഉപസംഹാരം :

**ദൈവം പ്രപഞ്ചത്തെ പൂർണ്ണമായും നിറയ്ക്കുന്നു; പ്രപഞ്ചം ദൈവത്തിൽ ചുരുൾ നീ വരുന്നു. അതുകൊണ്ട്, ഒരു ഇലയിൽ, ഒരു മലനിരയിൽ, ഒരു ഹിമകണത്തിൽ, ഒരു ദരിദ്രനായ മനുഷ്യന്റെ മുഖത്ത് മൗതികമായ ഒരർത്ഥം കണ്ടെത്താനുണ്ട്.** ഉത്തരാധുനികതയിൽ സ്നേഹത്തിന്റെയും കരുതലിന്റെയും കൃതജ്ഞതയുടെയും വിശ്രമത്തിന്റെയും രജതരേഖകൾ വരച്ചിടുന്ന ഈ ചാക്രികലേഖനം അഭൗമവും ദിവ്യവുമാണ്.

**ഫാ. ഷീൻ ചിറ്റാട്ടുകര**



# ദണ്ഡ വിമോചനം

**എന്താണ് ദണ്ഡവിമോചനം?**

അപരാധവിമുക്തമായ പാപങ്ങളുടെ കാലിക ശിക്ഷയിൽ നിന്നും ദൈവതിരുമുമ്പാകെയുള്ള ഇളവുചെയ്യലാണ് ദണ്ഡവിമോചനം (CCC 1471)

**പാപത്തിന്റെ പരിണിതഫലങ്ങൾ : കുറ്റബോധവും ശിക്ഷയും**

പാപം ചെയ്യുന്ന ഒരു വ്യക്തിക്ക് കുറ്റബോധം (Guilt) ഉണ്ടാവുകയും, അവൻ ശിക്ഷയ്ക്കു വിധേയനാവുകയും ചെയ്യുന്നു. പാപബോധം അവനെ പശ്ചാത്താപത്തിലേക്കും പിന്നീട് കുമ്പസാരത്തിലേക്കും നയിക്കുന്നു. പാപം മൂലം ആത്മാവിൽ പുരണ്ട കറയും കുറ്റബോധവും കുമ്പസാരത്തിലൂടെ നീക്കപ്പെടുന്നു.

പാപത്തിന്റെ മറ്റൊരു പരിണിതഫലമാണ് ശിക്ഷ. രണ്ടു തരത്തിലുണ്ട് : കാലിക ശിക്ഷയും (Termporal Punishment) നിത്യ ശിക്ഷയും (Eternal Punishment)

**കാലിക ശിക്ഷയും നിത്യ ശിക്ഷയും**

മാരക പാപാവസ്ഥയിലായിരിക്കുന്ന വ്യക്തി പാപമോചനം ലഭിക്കാതെ മരിച്ചാൽ നിത്യശിക്ഷ അഥവാ നരഗാഗ്നിക്ക് അർഹനാകുന്നു. (CCC 1472)

പാപമോചനാശീർവാദം പാപത്തെ നീക്കം ചെയ്യുന്നു. പക്ഷെ പാപം ഉണ്ടാക്കിയിട്ടുള്ള എല്ലാ ക്രമരാഹിത്യങ്ങളെയും അത് പരിഹരിക്കുന്നില്ല. (CCC 1459) ഈ ക്രമരാഹിത്യങ്ങൾ ദൈവവുമായി, സഹോദരനുമായി, തന്നോടു തന്നെ പരിപൂർണ്ണമായും നീക്കികളഞ്ഞ് പൂർവ്വസ്ഥിതിയിൽ എത്തിച്ചേരുന്നതിന് ദൈവം നൽകുന്ന അവസരമാണ് കാലിക ശിക്ഷ ഈ

ശിക്ഷ സമയ ബന്ധിതമായതുകൊണ്ടാണ് "കാലികം" (Temporal) ആകുന്നത്.

**കാലിക ശിക്ഷ എവിടെയാണ് ലഭിക്കുക?**

ഈ ലോകത്തിൽ വച്ചോ മരണാനന്തരം ശുദ്ധീകരണ സ്ഥലത്തു വച്ചോ കാലിക ശിക്ഷയിൽ നിന്നും ശുദ്ധികരിക്കപ്പെടണം (CCC 1472) കാലിക ശിക്ഷയിൽ നിന്നുള്ള - (ദണ്ഡനത്തിൽ നിന്നും) - മോചനത്തെയാണ് ദണ്ഡവിമോചനം എന്ന് വിളിക്കപ്പെടുന്നത്.

**കുമ്പസാരത്തിൽ വൈദികൻ കൽപിക്കുന്ന പ്രായശ്ചിത്തം പാപത്തിന് പരിഹാര മാകുന്നില്ലേ?**

ഉവ്വ്. പാപം ചെയ്യുക എന്ന പ്രവൃത്തിക്ക് (The Act of Committing a Sin) പരിഹാരം ചെയ്യുകയാണ് പ്രായശ്ചിത്തം നിറവേറ്റുക വഴി നാം ചെയ്യുക. എന്നാൽ അത് പാപത്തിനു തുല്യമായ ശിക്ഷ ആകുന്നില്ല. ഉദാഹരണത്തിന് ഫുട്ബോൾ കളിച്ചു കൊണ്ടിരുന്ന കുട്ടിയുടെ കാലിൽ നിന്നും ഉയർന്ന പന്ത് അയൽപക്കക്കാരന്റെ ജനൽചില്ല് തകർത്തുവെന്നിരിക്കട്ടെ. പ്രശ്നപരിഹാരത്തിനായി കുട്ടിയുടെ അപ്പൻ അയൽപക്കക്കാരന് പണം കൊടുക്കും. കാരണം അത്രയും പണം മകന്റെ കൈവശം ഇല്ലാത്തുകൊണ്ട്. എന്നാൽ അപ്പൻ പറയും, കുറേ നാളത്തേക്ക് Pocket Money സൂക്ഷിച്ച് വച്ച് നീ പണം തിരികെ തരിക എന്ന്. ഇത് ഒരു ശിക്ഷണപ്രക്രിയ ആണ്. അതുപോലെ ഓരോ പാപത്തിനും തക്കതായ ശിക്ഷ ഒന്നുകിൽ ശുദ്ധീകരണസ്ഥലത്തു വച്ച് അനുഭവിക്കണം. അല്ലെങ്കിൽ അതിനു തുല്യമായ പ്രായശ്ചിത്ത പ്രവൃത്തികൾ ഭൂമിയിൽ വച്ച് നാം അനുവർത്തിക്കണം.

**വിവിധതരം പരിത്യാഗ പ്രവൃത്തികൾ**

പ്രാർത്ഥന, കാഴ്ചയർപ്പണം, ജീവകാരുണ്യ പ്രവൃത്തികൾ, അയൽക്കാരനുവേണ്ടിയുള്ള സേവനം, സ്വമനസ്സാലെയുള്ള ആത്മപരിത്യാഗം, ത്യാഗപ്രവൃത്തികൾ, സർവ്വോപരി, നാം വഹിക്കേണ്ട കുരിശിന്റെ ക്ഷമാപൂർവ്വമായ സ്വീകരണം എന്നിവ പ്രായശ്ചിത്തപ്രവൃത്തികൾക്ക് ഉദാഹരണങ്ങളാണ്. അത്തരം പ്രവൃത്തികൾ നമ്മെ ക്രിസ്തുവിനോട് അനുരൂപപ്പെടുത്തുവാൻ സഹായകമാകും. "നാം അവിടുത്തോടൊപ്പം സഹിക്കുന്നുവെങ്കിൽ ഉത്ഥിതനായ ക്രിസ്തുവിനോടൊപ്പം കൂട്ടവകാശികളാകാൻ പ്രായശ്ചിത്ത പ്രവൃത്തികൾ നമ്മെ അനുവദിക്കുന്നു" (CCC 1460).

ഈ പ്രായശ്ചിത്ത പ്രവൃത്തികൾക്കു പുറമെ, കാലിക ശിക്ഷയിൽ നിന്നും ഇളവു ലഭിക്കുന്നതിനായി സഭ നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങളാണ് ദണ്ഡവിമോചനങ്ങൾ.

**രണ്ട് തരം ദണ്ഡവിമോചനങ്ങൾ**

പാപം മൂലമുള്ള കാലിക ശിക്ഷയെ ഭാഗികമായോ പൂർണ്ണമായോ ഇളവു ചെയ്യുന്നതിനെ ആശ്രയിച്ച് ദണ്ഡവിമോചനം ഭാഗികമോ പൂർണ്ണമോ ആകാം.

**ഭാഗിക ദണ്ഡവിമോചനം (Partial Indulgences)**

അപരാധ വിമുക്തമായ പാപങ്ങളുടെ താത്കാലിക ശിക്ഷയ്ക്ക് ഭാഗികമായി മാത്രം ലഭിക്കുന്ന മോചനമാണിത്. ഇത് സ്വീകരിക്കുന്നതിനുമുൻപ് കുമ്പസാരിക്കണമെന്ന് നിർബന്ധമില്ലെങ്കിലും ലഘുപാപങ്ങളെ കുറിച്ച് പൂർണ്ണമായി മനസ്തപിച്ചിരിക്കണം.

**ഉദാ :-** സ്നേഹത്തോടെ മരത്തിന്റെ കുരിശുരൂപം മുത്തുന്നത്.

ജപമാല, വെന്തിക്ക തുടങ്ങിയ വിശുദ്ധ വസ്തുക്കൾ ധരിക്കുന്നത്.

സ്നേഹത്തോടെ നെറ്റിയിൽ കുരിശു വരയ്ക്കുന്നത്.



> "ഈ ലോകത്തിൽ വച്ചോ മരണാനന്തരം ശുദ്ധീകരണ സ്ഥലത്തു വച്ചോ കാലിക ശിക്ഷയിൽ നിന്നും ശുദ്ധികരിക്കപ്പെടണം കാലിക ശിക്ഷയിൽ നിന്നുള്ള - (ദണ്ഡനത്തിൽ നിന്നും) - മോചനത്തെയാണ് ദണ്ഡവിമോചനം എന്ന് വിളിക്കപ്പെടുന്നത്.



“ പാപബോധം അവനെ പശ്ചാത്താപത്തിലേക്കും പിന്നീട് കുമ്പസാരത്തി ലേക്കും നയിക്കുന്നു. പാപം മൂലം ആത്മാവിൽ പുരണ്ട കറയും കുറ്റ ബോധവും കുമ്പസാര ത്തിലൂടെ നീക്കപ്പെടുന്നു.

സെമിത്തേരി സന്ദർശിച്ച് മരിച്ച വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നത്.

**പൂർണ്ണ ദണ്ഡവിമോചനം**

പാപത്തിന്റെ ഫലമായ താത്കാലിക ശിക്ഷയെ പൂർണ്ണമായും നീക്കം ചെയ്യുന്ന ദണ്ഡവിമോചനമാണ് പൂർണ്ണ ദണ്ഡവിമോചനം.

**പൂർണ്ണ ദണ്ഡ വിമോചനം പ്രാപിക്കുന്നതിന് ആവശ്യമായ ഘടകങ്ങൾ :-**

1. കുമ്പസാരം (സാധിക്കുമെങ്കിൽ പ്രവൃത്തി ചെയ്യുന്ന അന്നു തന്നെ)
2. ദിവ്യകാരുണ്യ സ്വീകരണം
3. മാർപ്പാപ്പയുടെ നിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക (1 സ്വർഗ്ഗ., 1 നന്മ, 1 ത്രിത്വ.)
4. പാപത്തോടുള്ള താത്പര്യം ലവലേശം ഉണ്ടാകാതിരിക്കുക.

**മേൽപറഞ്ഞ 4 കാര്യങ്ങൾ കൂടാതെ പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കുക സാധ്യമല്ല.**

പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കുന്നതിന് സഹായിക്കുന്ന ചില ഭക്തകൃത്യങ്ങൾ.

1. കുരിശിന്റെ വഴി ചൊല്ലുക.
2. അരമണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തുക.
3. തിരുനാൾ നടക്കുന്ന ദേവാലയത്തിൽ തിരുനാൾ ദിവസം ദിവ്യകാരുണ്യ സന്ദർശനം നടത്തുക.
4. ദു:ഖവെള്ളിയാഴ്ച ഭക്തിയോടെ കുരിശു മുത്തുക.
5. വരപ്രസാദ അവസ്ഥയിൽ മരിയൻ ജപമാല ചൊല്ലി പ്രാർത്ഥിക്കുക തുടങ്ങിയവ.

**ആവശ്യമായ പൊതു ഘടകങ്ങൾ**

1. ദണ്ഡവിമോചനം പ്രാപിക്കണം എന്നുള്ള ഉദ്ദേശ്യം ഭക്തകൃത്യം ചെയ്യുന്ന സമയത്ത് മനസ്സിൽ സൂക്ഷിക്കണം.
2. ഭക്തകൃത്യം ചെയ്യുന്ന സമയത്ത് വിശ്വാസി പൂർണ്ണമായും വരപ്രസാദ അവസ്ഥയിലായിരിക്കണം.

**ഓർക്കുക:** കുമ്പസാരത്തിലൂടെ പാപമോചനം ലഭിച്ച പാപങ്ങൾക്കാണ് ദണ്ഡവിമോചനം സാധ്യമാകുക. ദണ്ഡവിമോചനങ്ങൾ കുമ്പസാരത്തിന് പകരമാവില്ല. കരുണയുടെ ജൂബിലി വർഷത്തിൽ കുമ്പസാരിച്ച് - പരിപൂർണ്ണ വരപ്രസാദ അവസ്ഥയിൽ - കരുണയുടെ വാതിലിലൂടെ പ്രവേശിക്കുന്നവർക്ക് പൂർണ്ണ ദണ്ഡ വിമോചനം സാധ്യമാണ്.

Ref. : Catechism of Catholic Church Nos. 1471, 1472, 1473, 1478, 1459, 1460

Enchiridion of Indulgences (1968)

**ഫാ. ഷൈജു കട്ടയത്ത്**



# FASTING:
## A SOURCE OF ENERGY

Oft asked question is 'What has fasting to do with our life on earth?' 'Is it not merely a practice imposed upon us by the various religions?' Yet, it is interesting to note that every religion, without any exception has fasting as one of its main pillars of spiritual life. If then, it has some benefits. We are so much more than a physical body and fasting affects every part of our being.

**Let us consider here the various benefits of fasting.**

PHYSICAL BENEFITS OF FASTING:

By fasting one can prolong life by several days and years. It can give better resistance to diseases. One can obtain better sleep by eating lightly. It promotes easy excretion of toxins. It improves our vision, hearing and taste as sufficient blood circulation, better digestion, obesity reduction freedom from rigidity and cramps of stomach muscles and relaxation of muscles, veins and tissues take place at fasting. Body purification,

rejuvenation revitalization, weight loss and reduction of allergies are good results of fasting.

## HEALING ASPECT OF FASTING:

Fasting is your physician within. Fasting frees the energy so that healing can begin. A weary, overworked and under-appreciated body is healed of its tiredness, as fasting helps better oxygenation of the cells in the body, better blood circulation, energy flow into all organs and cells of the body, maintaining the warmth of the body etc. which are necessary for healing.

## EMOTIONAL BENEFITS OF FASTING:

Through fasting one becomes aware of the emotions, its uncontrolled and unlimited expressions, leading to emotional cleansing. It helps in reorganizing our rigid emotional patterns. With a full stomach one can experience heated emotions of anger, lust, anxiety, rigidity and irritability. Fasting helps to let go of some emotional baggage and to experience a release of some long-held emotional pattern. Fasting makes you positive and some confused and aggravated part of you is calming, releasing opening up and freeing.

## INTELLECTUAL BENEFITS OF FASTING:

Fasting creates a clearer mind, memory, will, thought, planning, inspiration, positivity, new ideas and creativity. Students can study well, artists can bring in fineness to their art, teachers can teach better, religious leaders can become more enlightened, social workers can bring in more commitment to their job etc. Fasting gives additional boost for a major project or deadline. Artists and writers often talk of foregoing food during great creative inspiration, that it helps to keep the momentum going.

## EFFECTS OF FASTING ON CHARACTER:

Fasting helps and strengthens one's mind and heart to refrain from gossiping, lying, slandering and all traits associated with bad character. It calls for doing good deeds, generosity and kindness,




> "Fasting helps to attain higher states of **spiritual experience** and messages or guidance from higher realms.

self-reflection, praying and God-consciousness. Fasting creates in us positive attitudes such as tolerance, calmness, peacefulness, and understanding. Improved concentration, less anxiety, sleeping better and walking more refreshed are some other merits of fasting. Fasting can help in overcoming uncontrolled desires and can own a good character.

## SPIRITUAL BENEFITS OF FASTING:

Fasting can lead to living with a greater spiritual intensity and developing a stronger inner life. It takes our attention inward; it will allow, a greater sense of connectivity, identity and inner worth with your inner you. It creates better God awareness, and awareness of the creation. Fasting helps to attain higher states of spiritual experience and messages or guidance from higher

realms. Fasting helps in attaining self-realization and reaching super conscious energies. Fasting helps a purging that heals and restores the soul.

## THE PSYCHOLOGICAL BENEFITS OF FASTING:

Fasting can make a person feel powerful, resilient, gain ability to help themselves. Fasting strengthens the will power. Deprivation leads to appreciation. In a world filled with immediate gratification, it is very healthy to learn how to delay the simple pleasures in life. Fasting helps in attaining personal maturity. Fasting prevents memory loss, neuronal death, cognitive impairment, and degenerative illnesses, such as, Alzheimer's disease. It protects against neuro degenerative disorders. Fasting after eight days significantly improves sleep. Fasting has been found to significantly reduce symptoms of anxiety.

## FASTING AND ITS SOCIAL DIMENSION:

Fasting creates a time of great solidarity with the world. The persons who fast are required to abstain from all food, drink, gum chewing, and tobacco use and over sexual activity which leads to a social and cultural order and decorum. By sharing meals with friends and relatives and neighbours and by giving charity and alms to the poor and needy along with fasting, we take part in healing social wounds, knitting closer ties with others, redistributing wealth and connecting with those who are in need. This aspect of fasting contributes to creating a just and compassionate society based on sharing and giving rather than focusing on consumerism. Fasting makes you how awful it can be with an empty stomach and can created in you an empathetic sense towards the poor, hungry, weak and abandoned.

## ECOLOGICAL DIMENSION OF FASTING:

